# Mathrubhumi

# 23 August 2018

# Kochi, Flood Relief Works, Social Media



## അറിയാതെ പോകരുത് മുഖമില്ലാത്ത ഈ 'ബ്രോ'കളെ, അവരുടെ സേവനങ്ങളെ

കെ.ആർ. അമൽ
കൊച്ചി

► പ്രളയത്തിൽ മുങ്ങിയ നാടിനെ ചേർത്തുപിടിക്കാൻ അവർ രാവും പകലും ഉണർന്നിരുന്നു. സമൂഹ മാധ്യമങ്ങൾ എന്ന തുരുത്തിൽ ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്ന് നാടിനു വേണ്ടി കൈകോർത്തു.

കേരളം പ്രളയജലത്തിൽ മുങ്ങിയപ്പോൾ സമൂഹ മാധ്യമങ്ങളിലൂടെയും കോൾ സെൻററുകൾ വഴിയും അവർ 24 മണിക്കൂറും പ്രവർത്തിച്ചു. മുഖവും പേരുമില്ലാതെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി. പ്രളയ ബാധിത പ്രദേശങ്ങളിൽ കുടുങ്ങിയവരുടെ നിലവിളികൾ സർക്കാർ സംവിധാനങ്ങളെ അറിയിച്ചു .അങ്ങനെ സർക്കാരിന്റെ രക്ഷാ പ്രവർത്തനങ്ങളെ സുഗമമാക്കാൻ ഈ കൂട്ടായ്മക്കായി. അവർ ഇപ്പോഴും നിർത്താതെ ജോലി തുടരുകയാണ്.

24 വാട്ട്സാപ്പ് ഗ്രൂപ്പുകളിലായി ലോകത്തിന്റെ വിവിധ കോണുകളിൽനിന്നായുള്ള 6000 സന്നദ്ധസേവകർ. സഹായാഭ്യർഥനയ്ക്ക് വിളിക്കാനും ഇത് ശരിയെന്ന് ഉറപ്പുവരുത്താനും അധികാരികളെ അറിയിക്കാനും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നും യു.കെ., യു.എസ്.എ. എന്നിവിടങ്ങളിൽനിന്നുമായി 100 കോൾ സെൻററുകൾ. ഇവയെ നിയന്ത്രിക്കുന്നതിനായി 200 പേർ ചേർന്ന് ഒരു വാട്ട്സാപ്പ് സംഘം.തലപ്പത്ത് ഇതെല്ലാം നിയന്ത്രിക്കാനും ഏകീകരിക്കാനും മുൻ കോഴിക്കോട് കളക്ടർ പ്രശാന്ത് നായരും. സഹായം ലഭിച്ചെന്ന് ഉറപ്പുവരുത്തുക, ഇവരെ പട്ടികയിൽനിന്ന് ഒഴിവാക്കുക. ഇത്തരത്തിൽ ഓരോ പ്രവർത്തനവും ചെയ്യാൻ ഓരോരോ വാട്ട്സാപ്പ് ഗ്രൂപ്പുകൾ.എല്ലാവരും ഒരു മനസായി നാടിനു വേണ്ടി ഒന്നിക്കുകയായിരുന്നു.

11-ന് ഡൽഹിയിൽനിന്ന് കോഴിക്കോട്ടേക്കുള്ള വിമാന യാത്രയിലാണ് പ്രശാന്ത് നായർ കേരളത്തിലെ ഭീകരാന്തരീക്ഷം അറിയുന്നത്.

അപകടസ്ഥിതി അറിഞ്ഞതോടെ റോഡ് മാർഗം അദ്ദേഹം കൊച്ചിയിലേക്ക് യാത്ര തിരിച്ചു, ഈ യാത്രയിൽ സമൂഹ മാധ്യമങ്ങൾ വഴി നടത്തിയ ചർച്ചയിൽ അപകടസന്ധി തരണം ചെയ്യാനുള്ള ആശയങ്ങൾ ഉരുത്തിരിഞ്ഞു. സമൂഹ മാധ്യമങ്ങൾ വഴി ദുരന്തനിവാരണ പ്രവർത്തനത്തിൽ സർക്കാരിനെ സഹായിക്കാൻ ഉറപ്പിച്ചു. സോഫ്റ്റ്‌വേർ ടെക്നോളജിയുടെ സഹായത്തിനായി യു.എസിൽ നിന്നുള്ള ഇഞ്ചിപ്പെണ്ണും യു.കെ.യിൽ നിന്നുള്ള ഗോപി നായരും. പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കാൻ സർക്കാർ സർവീസിൽ അവധിയിൽ കഴിയുന്ന ഹരി നായരും. കേരള ഫ്ലഡ് എന്ന ഒരു ഫേസ്ബുക്ക് പേജ് ഉണ്ടാക്കിയായിരുന്നു തുടക്കം. സേവനങ്ങൾ വിപുലീകരിക്കാൻ വാട്ട്സാപ്പ് ഗ്രൂപ്പുകളും കോൾ സെൻററുകളും ആരംഭിച്ചു. ജില്ലാ തലത്തിലടക്കം ഗ്രൂപ്പുകൾ സൃഷ്ടിച്ചു. താത്പര്യം അറിയിച്ച് വിദേശത്തു നിന്നടക്കം ആയിരങ്ങൾ എത്തി. അവർ ഒരു മനസ്സായി പ്രവർത്തിച്ചു. വിവിധ രാജ്യങ്ങളിൽനിന്നുള്ളവരുള്ളതിനാൽ രാത്രിയും പകലും പ്രവർത്തനം നിലയ്ക്കാതെ തുടരാൻ സഹായിച്ചു. സർക്കാരിന് സഹായം വേഗത്തിലെത്തിക്കാനും സമയം ലാഭിക്കാനും സാധിച്ചതാണ് ഈ കൂട്ടായ്മയുടെ നേട്ടം.

തെറ്റായ മെസേജുകൾ കണ്ടെത്തി അത് നീക്കം ചെയ്യുകയായിരുന്നു വലിയ വെല്ലുവിളി. കഴിഞ്ഞ നാലു ദിവസമായി അഞ്ച് കോൾ സെൻററുകളിലായി ദുരിതാശ്വാസ ക്യാമ്പുകളിലേക്കുള്ള ഭക്ഷണം ശേഖരിക്കുന്നതിനും ദുരിതാശ്വാസ ക്യാമ്പിലെ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനുമായി പ്രവർത്തിക്കുകയാണ്.